LIBRARY ARCHIVES Kerala Legislative Assembly

അരീക്കോട് സ്റ്റേഡിയം നിർമ്മാണം

296(1281) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

അരീക്കോട് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 35-ാമത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡ് പൂർത്തീകരിച്ചിരുന്നു. എന്നാൽ രണ്ട് നിലകളുള്ള പവലിയൻ കെട്ടിടവും അനുബന്ധ ഫുട്ബോൾ കളിസ്ഥലവും അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നില്ല. രണ്ടാം ഘട്ടത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണത്തിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ സിൽക്കിനെ ചുമതലപ്പെടുത്തിയിരുന്നു. സിൽക്ക് പ്രസ്തുത പ്രവൃത്തിക്കായുള്ള ഇ-ദർഘാസുകൾ ക്ഷണിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം റീടെണ്ടറുകൾ ക്ഷണിക്കുന്നതിലേയ്ക്കായി നിലവിലെ ദർഘാസുകൾ റദ്ദ് ചെയ്തിരുന്നു. 2016-ൽ നൽകിയ രണ്ടാംഘട്ട പ്രവൃത്തികളുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച സ്റ്റേഡിയം അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാത്ത സാഹചര്യത്തിലും 2019-ൽ ഉണ്ടായ പ്രളയത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഒരു നില മുങ്ങിപ്പോയതിനാൽ ചെലവേറിയ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സ്റ്റേഡിയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് പദ്ധതിക്ക് പകരമായി സ്വാഭാവിക പുൽത്തകിടിയും ജലസേചന സൗകര്യവും ഏർപ്പെടുത്തണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ഡി) എങ്കിൽ മണ്ഡലത്തിന്റെ സമഗ്ര കായിക വികസനത്തിന്റെ ഭാഗമായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമായിട്ടില്ല. അരീക്കോട് സ്റ്റേഡിയത്തിലെ രണ്ടാംഘട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ബഹു.മുൻ കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനപ്രകാരം അരീക്കോട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കായികയുവജനകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നെന്മാറയിൽ മിനി സ്റ്റേഡിയം

297(1282) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കായിക വിദ്യാർത്ഥികൾക്കും മറ്റും പരിശീലനം നടത്തുന്നതിന് സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ സ്റ്റേഡിയം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഈ വിഷയത്തിന് പരിഹാരം കാണുന്നതിനായി നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ മിനിസ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം

298(1283) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ നിർമ്മിച്ച/നിർമ്മാണം ആരംഭിച്ച മൾട്ടി പർപ്പസ്/ഇൻഡോർ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ; ഓരോ സ്റ്റേഡിയത്തിനും ചെലവാക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly